**File No.DWCD/1422/2022-ICDSA4**

"ഭരണഭാഷ-മാതൃഭാഷ"

No.-------------

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 15/05/2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന ഓഫീസർമാർക്കും
സർ,

വിഷയം:- വനിതാ ശിശുവികസന വകുപ്പ്- ഭിന്നശേഷി -വിഭാഗത്തിൽ പെടുന്ന വിദ്യാർഥികളുടെസ്കോളർഷിപ് - ഗുണഭോക്തൃ ലിസ്റ്റ് നിശ്ചിത മാതൃകയിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്:-

സൂചന:- 1. സാമൂഹ്യ നീതി ഡയറക്ടറുടെ 28/04/2022-ലെ sjd/5457/2021-07 no കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു .ഗ്രാമ പഞ്ചായത്തുകളിൽ ഭിന്ന ശേഷി SCHOLARSHIP അർഹരായിട്ടുള്ള ഗുണഭോക്താക്കളുടെ കൃത്യമായ കണക്കു ലഭ്യമാകാത്തതിനാൽ ഗുണഭോക്താക്കൾക്ക് ആനുപാതികമായി SCOLARSHIP തുക വകയിരുത്താൻ കഴിയുന്നില്ലെന്നും ആയതിനാൽ ഭിന്നശേഷി സ്കോളർഷിപ്പിന് അർഹരായിട്ടുള്ള ഗുണഭോക്താക്കളുടെ കൃത്യമായ കണക്കു ശേഖരിച്ചു നൽകണമെന്നും സൂചന പ്രകാരം സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട് .
ഈ സാഹചര്യത്തിൽ ഭിന്നശേഷിക്കാരായ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുള്ള പ്രോഫോർമയിൽ (പ്രോഫോർമയിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല) ലഭ്യമാകുവാൻ നിർദ്ദേശിക്കുന്നു .
വിശദാംശങ്ങൾ 18/05/2022 നകം ശിശു വികസന പദ്ധതി ഓഫീസർമാർ പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതും ഇവ ക്രോഡീകരിച്ച് EXCEL SHEET -ൽ നിശ്ചിത പ്രോഫോർമ യിൽ തയ്യാറാക്കി 19/05/2022 5 PM ന് മുമ്പായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
വനിതാ ശിശു വികസന ഡയറക്ടർ

# സ്കോളർഷിപ്പ് ലഭിക്കാൻ അർഹരായ ഭിന്നശേഷി വിഭാഗാത്തിൽപ്പെട്ട കുട്ടികളുടെ എണ്ണം

**ജില്ല:.......................................**

| ICDS പ്രോജക്റ്റിന്റെ പേര് | പഞ്ചായത്തിന്റെ /സെക്ടറിന്റെ പേര് | മാനസ്സിക വെല്ലുവിളി നേരിടുന്ന - സ്കോളർഷിപ്പ് ലഭിക്കാൻ അർഹരായ കുട്ടികളുടെ എണ്ണം | ശാരീരിക വെല്ലുവിളി നേരിടുന്ന സ്കോളർഷിപ്പ് ലഭിക്കാൻ അർഹരായ കുട്ടികളുടെ എണ്ണം | ആകെ കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |